ഉത്തരം

(എ) സ്പിൽ ഓവർ വർക്കുളുടെ നടത്തിപ്പിനു വേണ്ട തുക ജില്ലാ കള ക്ടർമാർക്ക് നൽകുകയും വർക്കുകളുടെ നടത്തിപ്പിന്റെ ചുമതല ജില്ലാ പട്ടിക ജാതി വികസന ആഫീസർ, പി.ഡബ്ല്യൂ.ഡി. കെട്ടിട വിഭാഗം എക്സി.എഞ്ചിനി യർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, വാട്ടർ സപ്ലൈ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, മണ്ണു സംരക്ഷണ ആഫീസർ എന്നീ നിർവ്വ ഹണ ഉദ്യോഗസ്ഥരെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ ത്രിതല പഞ്ചായത്തുകൾക്കും ഈ പണികൾ ഏറ്റെടുക്കാവുന്നതാണ്.

(ബി) 14 വർക്കുകൾ

(സി) 1.2.96 ലാണ് ഉത്തരവായത്.

(സി) ഉണ്ട്. എത്രയും വേഗത്തിൽ പണി പൂർത്തിയാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) കൊല്ലം പി.ഡബ്ല്യൂ.ഡി. കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറെയാണ് ഈ വർക്ക് നടത്തുവാൻ ചുമതലപ്പെടുത്തിയിരിക്കു ന്നത്.

(എഫ്)ആന്റ്(ജി) പണി പുരോഗമിക്കുകയാണ്. 1999 ഒക്ടോബർ മാസ ത്തിനകം പണി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

8 (2386) "പട്ടികവർഗ്ഗ ഊരുകളിൽ മൊബൈൽ ഡിസ്പെൻസറി"

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ഊരുകളിൽ ചികിത്സാ സൗകര്യം ലഭിക്കണമെ ങ്കിൽ ഊരുകളിൽ നിന്നും ശരാശരി എത്ര കിലോമീറ്റർ അകലെ പോകേണ്ട തുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) ഗുരുതരമായ രോഗം ബാധിച്ചവരെ അകലെകൊണ്ടുപോയി ചികിത്സിക്കുന്നതിനുള്ള അസൗകര്യം കണക്കിലെടുത്ത് പട്ടികവർഗ്ഗ ഊരുക ളിൽ മൊബൈൽ ഡിസ്പെൻസറികളുടെ സേവനം നൽകുവാൻ നടപടിയെടു ക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരളത്തിലെ എല്ലാ പഞ്ചായത്തുകൾക്കും ഓരോ പ്രാഥ മികാരോഗ്യ കേന്ദ്രമുണ്ട്. പട്ടികവർഗ്ഗ കോളനികളിൽ നിന്ന് ഉദ്ദേശം 4 മുതൽ 8 വരെ കി.മീ ചുറ്റളവിൽ ഒരു പ്രൈമറി ഹെൽത്ത് സെന്റർ/സർക്കാർ ആശുപ ത്രിയുമുണ്ട്. കൂടാതെ ഓരോ 50 കി.മീ ചുറ്റളവിലും ഒരു താലൂക്ക് ആശു പത്രി/പ്രധാന സർക്കാർ ആശുപത്രിയും ഓരോ 80 കി.മീ. ചുറ്റളവിലും ഒരു ജില്ലാ ആശുപത്രി/ജനറൽ ആശുപത്രിയുമുണ്ട്.

(ബി) ഇപ്പോൾതന്നെ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ നിലവി ലുണ്ട്. പ്രവർത്തനക്ഷമമല്ലാത്ത യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly